## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 740 — 12.12.2012-ലെ മറുപടിക്ക്

### സ്കൂൾ ഉച്ചഭക്ഷണശാലകളിൽ ആരോഗ്യ വകുപ്പിന്റെ പരിശോധന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. സി. മോയിൻകുട്ടി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ ഭക്ഷ്യ സുരക്ഷാ വകുപ്പുമായി ചേർന്ന് സ്കൂൾ ഉച്ചഭക്ഷണശാലകൾ പരിശോധിക്കാറുണ്ടോ; എങ്കിൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശം നല്കാമോ;<br><br>ബി) ഉച്ചഭക്ഷണശാലകളിലെ ശുചിത്വം സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ എന്തെല്ലാം; ഇവിടെ സൂക്ഷിക്കുന്ന പാചകം ചെയ്യാത്ത ഭക്ഷ്യവസ്തുക്കളുടെ ശേഖരത്തിൽ മാലിന്യങ്ങളോ വിഷ വസ്തുക്കളോ കണ്ടെത്തിയിരുന്നോ എന്ന് വെളിപ്പെടുത്തുമോ; | എ) & ബി) ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുമായി ചേർന്ന് ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ പരിശോധന നടത്തിയിട്ടില്ല. എന്നാൽ പരാതി ലഭിച്ച സ്ഥലങ്ങളിൽ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ സ്കൂൾ ഉച്ചഭക്ഷണ ശാലകൾ പരിശോധന നടത്തിയിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകൾ എങ്ങും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ സംസ്ഥാന വ്യാപകമായി അംഗനവാടികളിൽ പരിശോധന നടത്തിയിരുന്നു. കൊല്ലം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ അംഗനവാടികളിലെ ശുചിത്വമില്ലായ്മ കണ്ടെത്തിയിരുന്നു. കൂടാതെ കൊല്ലം ജില്ലയിൽ ഉപയോഗശൂന്യമായ രീതിയിൽ സൂക്ഷിച്ചിരുന്ന പയർ, കടല എന്നിവ കണ്ടെത്തി നശിപ്പിച്ചിരുന്നു. ഇടുക്കി ജില്ലയിലെ പീരുമേട്ടിൽ സ്ഥിതിചെയ്യുന്ന റസിഡൻഷ്യൽ സ്കൂളിൽ നടത്തിയ പരിശോധനയിൽ പാചകത്തിനായി പഴകിയ പാത്രങ്ങൾ ഉപയോഗിക്കുന്നതായും സാമ്പിളായി എടുത്ത പുട്ടുപൊടിയിൽ ഫംഗസ് ഇൻഫെക്ഷൻ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇതിനെ തുടർന്ന് അപാകതകൾ ഒഴിവാക്കുവാൻ വേണ്ട നിർദ്ദേശം നല്കിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ഒരു സ്കൂളിൽ ഉച്ചഭക്ഷണം തയ്യാറാക്കാനായി സൂക്ഷിച്ചിരുന്ന |

| | |
|---|---|
| | അരിയിൽ നിന്ന് എലിയെ കണ്ടെത്തിയതായും അതിനെ തുടർന്ന് അത് നശിപ്പിക്കുകയും ചെയ്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശുചിത്വം സംബന്ധിച്ച മറ്റ് ഗുരുതരമായ അപാകതകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| സി) ഉപയോഗ യോഗ്യമല്ലാത്തതും ചീഞ്ഞതുമായ ഭക്ഷ്യവസ്തുക്കൾ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; കണ്ടെത്തിയ ക്രമക്കേടുകൾക്കും അപാകതകൾക്കുമെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | സി) അംഗനവാടികളിൽ നടത്തിയ പരിശോധനയിൽ കൊല്ലം ജില്ലയിൽ ഉപയോഗയോഗ്യമല്ലാത്ത ഭക്ഷ്യവസ്തുക്കൾ കണ്ടെത്തിയിട്ടുണ്ട്. ആയത് നശിപ്പിച്ചു കളയുകയും ഉത്തരവാദിത്തപ്പെട്ട ജില്ലാ ഉദ്യോഗസ്ഥരെ അറിയിക്കുകയും ചെയ്തിട്ടുണ്ട് |
| ഡി) സ്കൂൾ ഉച്ചഭക്ഷണശാലകളിൽ ആരോഗ്യവകുപ്പിന്റെ പീരിയോഡിക്കൽ ഇൻസ്പെക്ഷൻ നടത്താൻ ആവശ്യമായ നിർദ്ദേശം നല്കുമോ? | ഡി) ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ